**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1930 06/07/2015.ൽ മറുപടിയ്ക്ക്

വനം വകുപ്പിലെ താല്ക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ ഏറ്റവും ഒടുവിലായി എത്ര താൽക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) വനം വകുപ്പിൽ ഏറ്റവും ഒടുവിലായി 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഏതൊക്കെ തസ്തികകളിലാണ് സ്ഥിരപ്പെടുത്തിയതെന്നും അവയുടെ ശമ്പള സ്കെയിലും വ്യക്തമാക്കുമോ; | (ബി) 8500-13210 രൂപ ശമ്പള സ്കെയിലിൽ വാച്ചർ തസ്തികയ്ക്ക് തുല്യമായ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. |
| (സി) സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ; | (സി) 01/09/2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി വനം വകുപ്പിൽ താൽക്കാലിക അടിസ്ഥാനത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്തുവന്നിരുന്നവരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) സ്ഥിരപ്പെടുത്തലുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്